REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 19-04-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കുത്തനെ ഉയർന്നു. പവർകട്ടും, ലോഡ്ഷെഡിങ്ങും ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണെന്ന് മന്ത്രി K.കൃഷ്ണൻ കുട്ടി.**
- **വയനാട് ടൗൺഷിപ്പിൽ നിർമ്മിക്കുന്ന വീടുകളെക്കുറിച്ച് പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രി V ശിവൻകുട്ടി.**
- **നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കേ പശ്ചിമ ബംഗാളിലും, തമിഴ്നാട്ടിലും പ്രചാരണം പാരമ്യത്തിൽ.**
- **തൃശൂർ പൂരത്തിന് നാളെ കൊടിയേറും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് ഡർബനിൽ.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് പവർകട്ടും, ലോഡ്ഷെഡിങ്ങും ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണെന്ന് മന്ത്രി K.കൃഷ്ണൻ കുട്ടി പറഞ്ഞു. പവർ എക്സ്ചേഞ്ചിൽ നിന്ന് കൂടിയ അളവിൽ വൈദ്യുതി ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉപയോഗം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലാണ്. ഇന്നലെ മാത്രം 117.15 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു. വൈകീട്ടത്തെ ഉപഭോഗം 6,033 മെഗാവാട്ടാണെന്നും മന്ത്രി പറഞ്ഞു. വൈകീട്ട് 6 മുതൽ രാത്രി 11 വരെ അനാവശ്യമായ ലൈറ്റുകളും ഹൈ-വോൾട്ടേജ് ഉപകരണങ്ങളും ഒഴിവാക്കുന്നതിലൂടെ വൈദ്യുതി ഉപയോഗം

പരിധിവരെ കുറയ്ക്കാനാകുമെന്നും ഇതിന് ജനങ്ങളുടെ സഹകരണം ആവശ്യമാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും 12 ജില്ലകളിൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. പാലക്കാട് അടക്കം ജില്ലകളിൽ പകൽ താപനില 40 ഡിഗ്രി സെൽഷ്യസിന് അടുത്തായിരിക്കും. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ പാലക്കാട്ട് ഈ താപനില രേഖപ്പെടുത്തിയിരുന്നു. അൾട്രാ വയലറ്റ് സൂചികയും ഉയർന്ന് നിൽക്കുന്നതിനാൽ രാവിലെ 11നും വൈകിട്ട് മൂന്നിനുമിടയിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നതിൽ നിന്ന് മാറി നിൽക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

വനിതാ സംവരണ ബിൽ വിഷയത്തിൽ കോൺഗ്രസ് രാജ്യത്തെ മുഴുവൻ വനിതകളെയും വഞ്ചിച്ചെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി. മണ്ഡല പുനർ നിർണയത്തിൽ ജനങ്ങൾക്ക് തെറ്റായ വിവരങ്ങൾ നൽകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ലോക്സഭാ സീറ്റ് കുറയുമെന്ന വ്യാജ പ്രചാരണം തിരിച്ചറിയണമെന്നും പ്രൽഹാദ് ജോഷി പറഞ്ഞു.

✪✪✪

വയനാട് ടൗൺഷിപ്പിൽ ദുരന്തബാധിതർക്കായി നിർമ്മിക്കുന്ന വീടുകളെക്കുറിച്ച് പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. റവന്യൂ മന്ത്രി നേരിട്ട് പോയി കാര്യങ്ങൾ പരിശോധിച്ചു. വീടുകളിൽ വിള്ളൽ കണ്ടെത്തിയെന്ന റിപ്പോർട്ട് ശരിയല്ലെന്നും അതിന്റെ 'വാട്ടർ പ്രൂഫിങ്' പൂർത്തിയായിട്ടില്ലെന്നും മന്ത്രി വിശദീകരിച്ചു. വെള്ളം കിനിഞ്ഞിറങ്ങുന്ന ഭാഗങ്ങളിൽ പെൻസിൽ കൊണ്ട് അടയാളപ്പെടുത്തിയതാണ് വിള്ളലായി ചിത്രീകരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഗുണനിലവാരം നൂറുശതമാനം ഉറപ്പാക്കാതെ ഒരു വീടും ദുരന്തബാധിതർക്ക് കൈമാറില്ലെന്നും മന്ത്രി അറിയിച്ചു.

വാൽപ്പാറ ദുരന്തത്തിൽ അധ്യാപകർ മരിച്ച മലപ്പുറം പാങ്ങ് ഗവണ്മെന്റ് LP സ്കൂളിൽ ആവശ്യമായ അധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു. മലപ്പുറം DEO സുനിതയ്ക്ക് ചുമതല നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകാൻ തീരുമാനിച്ചതായും ശിവൻകുട്ടി അറിയിച്ചു. സ്കൂൾ തുറക്കുന്നതിന് ഒരാഴ്ച മുമ്പ് കൗൺസിലിംഗ് ആരംഭിക്കും.

✪✪✪

ഇന്ന് ലോക കരൾ ദിനം. കരൾ രോഗങ്ങൾക്കെതിരെ അവബോധം വളർത്താനും, കരൾ ആരോഗ്യം മെച്ചപ്പെടുത്താനും, രോഗപ്രതിരോധത്തിനും ജീവിതശൈലി മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം."ദൃഢമായ ശീലങ്ങൾ, ശക്തമായ കരൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം.

ആരോഗ്യകരമായ ഭാവിയ്ക്കും മെച്ചപ്പെട്ട കരൾ ആരോഗ്യത്തിനും ജാഗരൂകരാകാൻ ആരോഗ്യമന്ത്രി JP നദ്ദ ജനങ്ങളെ ആഹ്വാനം ചെയ്തു. ആരോഗ്യകരമായ ജീവിതത്തിന് ശക്തമായ കരൾ ആവശ്യമാണെന്ന് നദ്ദ ഓർമ്മിപ്പിച്ചു.

✪✪✪

കാലാവസ്ഥ പഠനത്തിനും, വായു മലിനീകരണ നിരീക്ഷണത്തിനും രൂപകൽപന ചെയ്ത G- 20 ഉപഗ്രഹം 2027-ൽ വിക്ഷേപിക്കുമെന്ന് ISRO ചെയർമാൻ ഡോ. V. നാരായണൻ പറഞ്ഞു. G- 20 രാജ്യങ്ങൾക്കു വേണ്ടിയാണ് ഉപഗ്രഹം ഇന്ത്യ വിക്ഷേപിക്കുന്നതെന്ന് അദ്ദേഹം ഹൈദരാബാദിൽ പറഞ്ഞു. ഒറ്റ റോക്കറ്റ് ഉപയോഗിച്ച് നൂറിലധികം ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നതിൽ വിജയിച്ച ആദ്യ രാജ്യമാണ് ഇന്ത്യയെന്നും ചെയർമാൻ അറിയിച്ചു. 2040-ഓടെ ചന്ദ്രനിലേക്ക് മനുഷ്യനെ അയക്കുന്ന ദൗത്യം യാഥാർത്ഥ്യമാക്കാൻ ISRO യുടെ ശ്രമങ്ങൾ തുടരുകയാണെന്നും ഡോ. നാരായണൻ പറഞ്ഞു.

✪✪✪

രണ്ട് ദിവസത്തെ ശ്രീലങ്കൻ ഔദ്യോഗിക സന്ദർശനത്തിന് ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ കൊളംബോയിൽ എത്തി. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായക, പ്രധാനമന്ത്രി ഡോ. ഹരിണി അമരസൂര്യ തുടങ്ങിയവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.കൊളംബോയിലെ ഇന്ത്യൻ സമൂഹവുമായി ഉപരാഷ്ട്രപതി സംവദിക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കേ പശ്ചിമബംഗാളിലും, തമിഴ്നാട്ടിലും പ്രചാരണം പാരമ്യത്തിലെത്തി. രണ്ടിടത്തും മറ്റന്നാൾ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും.

തമിഴ്നാട്ടിൽ ദേശീയ നേതാക്കൾ ഇന്നും പ്രചാരണത്തിനെത്തും. ഈറോഡ് ശിവഗിരിയിൽ കേന്ദ്രമന്ത്രി അമിത് ഷാ പ്രചാരണം നടത്തും. ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിന്റെ നേതൃത്വത്തിൽ DMK യുടെ പ്രചാരണ പ്രവർത്തനങ്ങളും

പുരോഗമിക്കുകയാണ്. തമിഴ് വെട്രികഴകം, PMK കക്ഷികളും പ്രചാരണരംഗത്ത് ശക്തമായ സാന്നിധ്യം അറിയിച്ചിട്ടുണ്ട്.

മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി പശ്ചിമ ബംഗാളിലെ ബിഷ്ണുപൂരിൽ പൊതുയോഗത്തിൽ പങ്കെടുത്തു. പുരുലിയ, ജാർഗ്രാം ജില്ലകളിലെ പൊതുയോഗങ്ങളിലും പ്രധാനമന്ത്രി പ്രസംഗിക്കും. BJP നേതാവ് കേന്ദ്രമന്ത്രി JP നദ്ദ കൂച്ച്ബെഹാർ, ജൽപായ്ഗുഡി ജില്ലകളിലെ റാലികളിൽ പങ്കെടുക്കും. BJP പ്രസിഡന്റ് നിതിൻ നബിൻ മാൾഡയിൽ റോഡ് ഷോ യിൽ പങ്കെടുക്കും. തൃണമൂൽ കോൺഗ്രസിനായി മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ മമതാ ബാനർജി ഉച്ചകഴിഞ്ഞ് താരകേശ്വറിലും, കൽനയിലും, മോണ്ടേശ്വറിലും തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. മൻ കി ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26 -ന് പ്രക്ഷേപണം ചെയ്യും.

✪✪✪

തൃശൂർ പൂരത്തിന് നാളെ കൊടിയേറും. തിരുവമ്പാടി, പാറമേക്കാവ് വിഭാഗങ്ങൾ രാവിലെ പൂരക്കൊടി ഉയർത്തുന്നതോടെ ഇത്തവണത്തെ പൂരത്തിന് തിരശ്ശീല ഉയരും. തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങളുടെ പന്തൽ നാട്ടുകർമ്മം  കഴിഞ്ഞതോടെ ഒരുക്കങ്ങൾ തകൃതിയായി നടക്കുകയാണ്.

ജില്ലയിൽ ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൂരം കാണാനെത്തുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്നു.

ഈ മാസം  24-നാണ് സാമ്പിൾ വെടിക്കെട്ട്.  25-ന് പൂര വിളംബര ചടങ്ങുകൾ നടക്കും. 26 നും 27 നും ആണ്   തൃശൂർപൂരം.

✪✪✪

സംസ്ഥാനത്തെ കോൺഗ്രസിന്റെ മുഖ്യമന്ത്രി ചർച്ചയിൽ മെയ് നാലിനു ശേഷം അഭിപ്രായം പറയാമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ അറിയിച്ചു. അഭിപ്രായം ഹൈക്കമാന്റിനെ അറിയിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന പ്രൊഫഷണൽ നാടക മത്സരത്തിന് തൃശ്ശൂരിൽ തിരശീലയുയർന്നു. ഈ മാസം 23 വരെ K.T മുഹമ്മദ് തിയറ്ററിൽ നാടകങ്ങൾ അരങ്ങേറും.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

.....(വോയ്സ്)..........

✪✪✪

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഇന്ത്യൻ സമയം വൈകിട്ട് അഞ്ചരയ്ക്ക് ഡർബനിലെ കിംഗ്സ്മെഡ് സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യ ആറ് വിക്കറ്റിന് പരാജയപ്പെട്ടിരുന്നു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരക്ക് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. രണ്ടാം മത്സരത്തിൽ പഞ്ചാബ് കിംഗ്സ്, ലക്നൗ സൂപ്പർ ജയന്റ്സുമായി മത്സരിക്കും. ചണ്ഡിഗഡിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കാലടി സംസ്കൃത സർവകലാശാല ഗവർണറുടെ സന്ദർശനവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സർക്കുലർ പിൻവലിച്ചു. ശങ്കരജയന്തി ആഘോഷ ചടങ്ങിലെ പ്രവേശനത്തിന് പെരുമാറ്റച്ചട്ടവും മറ്റ് നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയ സർക്കുലറിനെതിരെ പരാതിയുർന്ന പശ്ചാത്തലത്തിലാണ് നടപടി. ഗവർണറുടെ ഓഫീസ് നിർദ്ദേശിച്ച പ്രകാരം പരിഷ്ക്കരിച്ച സർക്കുലർ സർവകലാശാല പുറപ്പെടുവിച്ചു.

✪✪✪

ഡോ. സുകുമാർ അഴീക്കോടിന്റെ ജന്മ ശതവാർഷികാഘോഷത്തിന് കണ്ണൂരിൽ തുടക്കമായി. കണ്ണൂരിലെ ഡോ.സുകുമാർ അഴീക്കോട് സാസ്ക്കാരിക കേന്ദ്രത്തിന്റെ സഹകരണത്തോടെ കേരള സാഹിത്യ

അക്കാദമിയുടെ നേതൃത്വത്തിലാണ് പരിപാടി. എഴുത്തുകാരനും പ്രഭാഷകനുമായ സുനിൽ P. ഇളയിടം ഉദ്ഘാടനം ചെയ്തു .

✪✪✪

കൊടകരയിൽ ഉറക്കത്തിനിടെ പാമ്പുകടിയേറ്റ സഹോദരങ്ങളിൽ ഒരാൾ മരിച്ചു. കടമ്പോട് കാവുങ്ങൽ വീട്ടിൽ സിൽജോയുടെ മകൻ ആൽജോ എന്ന ഏഴു വയസ്സുകാരനാണ് മരിച്ചത്. സഹോദരൻ അനോഷ് ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

✪✪✪

സമ്പൂർണ സാക്ഷരതാ പ്രഖ്യാപനത്തിന്റെ 35-ാം വാർഷികത്തിന്റെ ഭാഗമായി മലപ്പുറത്ത് ചേലക്കോടൻ ആയിഷുമ്മ അനുസ്മരണം സംഘടിപ്പിച്ചു. കവി മണമ്പൂർ രാജൻ ബാബു ചടങ്ങ് ഉദ്ഘാടനം ചെയ്തു.

✪✪✪

അട്ടപ്പാടിയിൽ തള്ളയാന ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ ആനക്കുട്ടിയെ ധോണി ആന പരിപാലന കേന്ദ്രത്തിലേക്ക് മാറ്റി. കഴിഞ്ഞ ചൊവ്വാഴ്ചയാണ് അബ്ബന്നൂർ വനത്തിലെ നീർച്ചാലിൽ കുടുങ്ങിയ ഒരു ദിവസം മാത്രം പ്രായമായ ആനക്കുട്ടിയെ വനം ഉദ്യോഗസ്ഥർ കണ്ടെത്തിയത്.

✪✪✪

തൃശൂർ മലക്കപ്പാറയിൽ പുലിയാക്രമണത്തിൽ വൃദ്ധ മരിച്ചു. 70 കാരിയായ എന്നാസ്സി അമ്മാൾ ആണ് മരിച്ചത്. ഷോളയാർ ഡാമിന് സമീപത്ത് ഇവരുടെ വീടിന് മുന്നിൽ പുലി പാതി ഭക്ഷിച്ച നിലയിലാണ് രാവിലെ മൃതദേഹം കണ്ടെത്തിയത്.

✪✪✪

ഇറാൻ തുറമുഖങ്ങൾക്ക് നേരെ തുടരുന്ന US ഉപരോധം പിൻവലിക്കുന്നതുവരെ ഹോർമൂസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാൻ അറിയിച്ചു. ഉപരോധം വെടിനിർത്തൽ കരാർ ലംഘനമാണെന്നും, കടലിടുക്കിലൂടെ കടന്നുപോകാൻ ശ്രമിക്കുന്ന ഏത് കപ്പലിനെയും ആക്രമിക്കുമെന്നും ഇസ്ലാമിക് റെവല്യൂഷനറി ഗാർഡ് മുന്നറിയിപ്പ് നൽകി.

✪✪✪

---

*News Editorപി ചന്ദ്രബാബു*
*News Reader : അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ, രജിന കെ, DEO : ഷീബ*